LIBRARY ARCHIVES Kerala Legislative Assembly

എന്നയു സംബന്ധിച്ച പേഷ്യന്റ്സ് സൊസൈറ്റിയുടെ പരാതി പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കൊരട്ടി ഗവൺമെന്റ് ത്വക്ക് രോഗാശുപത്രിക്ക് 172/97 നമ്പർ എ.പി.എൽ. പെർമിറ്റാണ് അനുവദിച്ചിട്ടുള്ളത്. സർക്കാരിന്റെ 3-5-2014-ലെ 3132/ഡി1/14/ഭ.പൊ.വി.വ. നമ്പർ കത്ത് പ്രകാരം പ്രസ്തുത ആശുപത്രിയിലെ ഓരോ അന്തേവാസിക്കും പ്രതിദിനം 280 ഗ്രാം അരി, 50 ഗ്രാം ഗോതമ്പ് എന്നിവ എ.പി.എൽ. നിരക്കിൽ വിതരണം ചെയ്യുവാൻ ഉത്തരവായിട്ടുണ്ട്. എ.പി.എൽ. പെർമിറ്റുകാർക്ക് പഞ്ചസാര അനുവദിക്കുന്നില്ല. ഓർഫനേജ് കൺട്രോൾ ബോർഡിന്റേയും സാമൂഹ്യക്ഷേമ വകുപ്പിന്റേയും അംഗീകാരമുള്ള സ്ഥാപനങ്ങൾക്കാണ് ബി.പി.എൽ. പെർമിറ്റും അതിനനുസരിച്ചിട്ടുള്ള പഞ്ചസാരയും നൽകുന്നത്.

(ബി) പേഷ്യന്റ്സ് സൊസൈറ്റിയിൽനിന്നും ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ടി സ്ഥാപനത്തിന് പഞ്ചസാര ലഭ്യമാക്കുന്നതിനുവേണ്ടി നിലവിലെ എ.പി.എൽ. റേഷൻ പെർമിറ്റ് ബി.പി.എൽ. റേഷൻ പെർമിറ്റായി മാറ്റുന്നതിന് താലൂക്ക് സപ്ലൈ ഓഫീസർതലത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

വിരമിച്ച ഉദ്യോഗസ്ഥരുടെ നിയമനം

111 (2606) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് വകുപ്പിൽനിന്നും വിരമിച്ച ഉദ്യോഗസ്ഥരെ വകുപ്പിന്റെ കീഴിലുള്ള ഏതെങ്കിലും സ്ഥാപനത്തിലോ പദ്ധതിയിലോ നിയമിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അപ്രകാരം നിയമിച്ച ഉദ്യോഗസ്ഥരുടെ പേരും അവർ വഹിച്ചിരുന്ന തസ്തികയും നിയമനം നൽകിയ തസ്തികയും ശമ്പളവും വിശദമാക്കാമോ ;

(സി) ഭക്ഷ്യ സുരക്ഷാ പദ്ധതി നടപ്പാക്കുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് പുതുതായി ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ഡി) ഇതിനായി ജീവനക്കാരെ പ്രത്യേകം നിയമിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര പേരെ നിയമിച്ചുവെന്നും ഇതിൽ വകുപ്പിൽനിന്നും വിരമിച്ച എത്ര പേരെ നിയമിച്ചുവെന്നും അറിയിക്കുമോ ; എത്ര പേരെ നേരിട്ട് നിയമിച്ചു ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിയമിച്ചിട്ടുണ്ട്.

(ബി) ഉദ്യോഗസ്ഥന്റെ പേര് : ശ്രീ. കെ. രാധാകൃഷ്ണൻ
വഹിച്ചിരുന്ന തസ്തിക : റേഷനിംഗ് കൺട്രോളർ

നിയമനം നൽകിയ തസ്തിക : ലീഡ് ചെയ്ഞ്ച് മാനേജർ എന്റ്-ടു-എന്റ് കമ്പ്യൂട്ടറൈസേഷൻ

ശമ്പളം : 52017 രൂപ (പ്രതിമാസം)

(സി) ഭക്ഷ്യസുരക്ഷാ പദ്ധതി നടപ്പിൽവരുത്തുന്നതിന് മുന്നോടിയായി എന്റ്-ടു-എന്റ് കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കിവരുന്നു. FCI മുതൽ ARD വരെയുള്ള മുഴുവൻ ഇടപാടുകളും പൂർണ്ണമായി കമ്പ്യൂട്ടറൈസ് ചെയ്യുന്ന പദ്ധതിയാണിത്. ഇതിന്റെ ഭാഗമായി റേഷൻകടകളിലെല്ലാം ഡോർ ഡെലിവറിമുഖേന സാധനങ്ങൾ എത്തിക്കുന്നതിനും ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. റേഷൻ കടകളിലെത്തുന്ന ഗുണഭോക്താക്കളെ തിരിച്ചറിയുന്നതിന് ആധാർ അല്ലെങ്കിൽ സ്മാർട്ട് കാർഡ്/ബാർകോഡ് പോലെയുള്ള ബദൽ മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഓരോ ഗുണഭോക്താവിനും റേഷൻ സാധനങ്ങൾ വിതരണം ചെയ്യുമ്പോൾതന്നെ വിവരങ്ങൾ ഉദ്യോഗസ്ഥതലത്തിലും പൊതുജനങ്ങൾക്കും ലഭ്യമാകത്തക്കവിധം ട്രാൻസ്പരൻസി പോർട്ടൽ സജ്ജമാകും. പൊതുജനങ്ങളുടെ പരാതികൾ സ്വീകരിക്കുന്നതിനും പരാതിയുടെ തൽസ്ഥിതി നിരീക്ഷിക്കുന്നതിനും പരാതിക്കാരനും ഉദ്യോഗസ്ഥർക്കും സാധിക്കുന്നവിധം ഒരു സുതാര്യമായ പരാതി പരിഹാര സംവിധാനവും നിലവിൽവരും. ഭക്ഷ്യസുരക്ഷാ പദ്ധതിയുടെ ഭാഗമായി മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങളോടൊപ്പം റേഷൻ കാർഡ് പുതുക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഭക്ഷ്യസുരക്ഷാ പദ്ധതിയുടെ നടത്തിപ്പിനായി ജീവനക്കാരെ പ്രത്യേകം നിയമിച്ചിട്ടില്ല.

പുതുക്കിയ റേഷൻകാർഡ്

112 (2607) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുക്കിയ റേഷൻ കാർഡുകൾ മുൻഗണനാ വിഭാഗം, പൊതു വിഭാഗം എന്നിങ്ങനെ വേർതിരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഓരോ വിഭാഗത്തിലുംപെട്ട റേഷൻ കാർഡുകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിലെ റേഷൻകാർഡുകൾ പുതുക്കുന്ന പ്രക്രിയ നടന്നുവരുന്നു. ദേശീയ ഭക്ഷ്യസുരക്ഷാ നിയമം 2013 പ്രകാരം സംസ്ഥാനത്തെ 1.54 കോടി ജനങ്ങളാണ് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുന്നത്. ഏകദേശം 30,80,000 മുൻഗണനാ കാർഡുകളും 53 ലക്ഷം പൊതുവിഭാഗം കാർഡുകളും റേഷൻകാർഡ് പുതുക്കൽ പ്രക്രിയ പൂർത്തീകരിക്കുമ്പോൾ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

പാമോയിൽ ഇറക്കുമതി

113 (T2608) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാമോയിൽ ഇറക്കുമതി കേസ്സിൽ പാമോയിൽ ഇറക്കുമതി നടപടി തെറ്റായിപ്പോയി എന്ന ചീഫ് സെക്രട്ടറിയുടെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly